## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. ഹരിത വി.കുമാർ,ഐ.എ.എസ്)

വിഷയം:- വനിത ശിശു വികസന വകുപ്പ് –ജീവനക്കാര്യം-ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം/സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) വനിതാ ശിശുവികസന ഡയറക്ടറുടെ 11/01/2021 തീയതിയിലെ WCD/E8/12833/2020 നമ്പർ ഉത്തരവ്
2) സ.ഉ (കൈ) 06/2021/സാനീവ തിയതി 15/02/2021
3) സ.ഉ(കൈ) നം.3/2025/ WCDD തീയതി 28/01/2025
4) വനിതാ ശിശുവികസന ഡയറക്ടറുടെ 22/12/2025 തീയതിയിലെ DWCD/687/2025/E9 നമ്പർ ഉത്തരവ്
5) ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ ജീവനക്കാരുടെ സ്ഥലംമാറ്റ അപേക്ഷകൾ

**ഉത്തരവ് നം: DWCD/2931/2022-E7 തീയതി: 07-03-2026**

സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് സാമൂഹ്യനീതി വകുപ്പും വനിതാ ശിശുവികസന വകുപ്പും രൂപീകരിച്ച സാഹചര്യത്തിൽ ഇരു വകുപ്പുകൾക്കും പ്രത്യേകമായി വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നത് വരെ ക്ഷേമ സ്ഥാപന സൂപ്രണ്ട് തസ്തികകളുടെ സ്ഥാനക്കയറ്റ വ്യവസ്ഥകൾ താൽക്കാലികമായി നിർണ്ണയിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം, ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് ക്ഷേമ സ്ഥാപനങ്ങളിലെ സൂപ്രണ്ട് ഗ്രേഡ് III /ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളിലെ ജീവനക്കാരിൽ നിന്നും സ്ഥാനക്കയറ്റം നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

വനിതാ ശിശുവികസന വകുപ്പിൽ പരാമർശം (4) പ്രകാരം ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ നിന്ന് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചത് മുഖേന ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ 2 ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തികയെ വാനിഷിംഗ് കാറ്റഗറിയായി പ്രഖ്യാപിച്ചും ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിക്കുന്നവർക്ക് സ്ഥാനക്കയറ്റം ലഭിക്കുകയോ,വിരമിക്കുകയോ ചെയ്യുന്ന മുറയ്ക്ക് പ്രസ്തുത തസ്തികകൾ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികകളാക്കി മാറ്റിയും പരാമർശം(3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നിലവിൽ ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ രണ്ട് ജീവനക്കാർക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത തസ്തികകൾ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികകളായി മാറ്റിയിട്ടുണ്ട്.ഇപ്രകാരം രണ്ട് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികകൾ ലഭിച്ചിട്ടുണ്ട്.

പരാമർശം (1) പ്രകാരമുള്ള ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്III/ചൈൽഡ്

വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റിലെ സീനിയോരിറ്റി നം. (1),(3),(28) നിശ്ചിത യോഗ്യത നേടിയിട്ടില്ലായിരുന്നതിനാൽ ടി ജീവനക്കാരെ ഒഴിവാക്കികൊണ്ട് സീനിയോരിറ്റി നം.(31) വരെയുള്ള ഉദ്യോഗക്കയറ്റത്തിന് യോഗ്യരായ ജീവനക്കാർക്ക് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേയ്ക്ക് ഇതിനോടകം ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുണ്ട്. ഉദ്യോഗക്കയറ്റത്തിൽ നിന്ന് ഒഴിവാക്കിയിരുന്നവരിൽ ചുവടെ പറയുന്ന ജീവനക്കാർ നിലവിൽ ഉദ്യോഗക്കയറ്റത്തിന് യോഗ്യത നേടിയിട്ടുണ്ട്.

സീനിയോരിറ്റി നം (1) ശ്രീമതി ഉഷ പി.എസ്

സീനിയോരിറ്റി നം.(28) ശ്രീമതി ഗീതകുമാരി പി.എം

ഈ സാഹചര്യത്തിൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ്II തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് പരാമർശം(5) പ്രകാരം ലഭിച്ച അപേക്ഷകളും 2025ലെ പൊതുസ്ഥലംമാറ്റ അപേക്ഷകളിലെ ക്യൂ ലിസ്റ്റും പരിഗണിച്ച് ചുവടെ പറയുംപ്രകാരം സ്ഥലംമാറ്റം അനുവദിച്ചും ഉദ്യോഗക്കയറ്റത്തിന് അർഹരായ മേൽ സൂചിപ്പിച്ചിട്ടുള്ള ജീവനക്കാർക്ക് കെ.എസ്.ആർ പാർട്ട് I റൂൾ28 എ(1) പ്രകാരം 41300-87000/-രൂപ ശമ്പള സ്കെയിലിൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ചുവടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II-സ്ഥലംമാറ്റം</u>**

| ക്രമ നം | പേര്,ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | സ്ഥലം മാറ്റം നൽകി നിയമിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|
| 1 | ശ്രീമതി സ്മിത വി.എസ്<br>ഗവ.ഒബ്സർവേഷൻ ഹോം<br>ആലപ്പുഴ | ഗവ.ചിൽഡ്രൻസ് ഹോം<br>കൊല്ലം | അപേക്ഷ |
| 2 | ശ്രീമതി സതി കെ<br>ഗവ.ചിൽഡ്രൻസ് ഹോം<br>കോട്ടയം | ഗവ.ചിൽഡ്രൻസ് ഹോം<br>(ബോയ്സ്) കോഴിക്കോട് | അപേക്ഷ |
| 3 | ശ്രീമതി ജിബിദാസ്<br>ഗവ.ചിൽഡ്രൻസ് ഹോം(ഗേൾസ്)<br>കണ്ണൂർ | ഗവ.ഒബ്സർവേഷൻ ഹോം<br>ആലപ്പുഴ | അപേക്ഷ |

**<u>ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II-ഉദ്യോഗക്കയറ്റം</u>**

| ക്രമ നം | പേര്,തസ്തിക,ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീമതി ഉഷ പി.എസ്<br>ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III<br>ഗവ.മഹിളാ മന്ദിരം,തൃശ്ശൂർ<br>പെൻ നം.213895 | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II<br>ഗവ.ചിൽഡ്രൻസ് ഹോം(ഗേൾസ്)<br>കണ്ണൂർ |
| | | |

| | | |
|---|---|---|
| 2 | ശ്രീമതി ഗീതാകുമാരി പി.എം<br>ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III<br>ഗവ.മഹിളാ മന്ദിരം,കോട്ടയം<br>പെൻ നം.454006 | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II<br>ഗവ.ചിൽഡ്രൻസ് ഹോം<br>കോട്ടയം |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണയത്തിനും നിയമാനുസൃത പ്രവേശന കാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

കോട്ടയം ഗവ.മഹിളാ മന്ദിരം സൂപ്രണ്ടിന്റെ അധിക ചുമതല ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II ശ്രീമതി ഗീതാകുമാരി പി.എം-ഉം തൃശ്ശൂർ ഗവ.മഹിളാ മന്ദിരം സൂപ്രണ്ടിന്റെ ചുമതല ടി സ്ഥാപനത്തിലെ മേട്രൺ ഗ്രേഡ് 1 ശ്രീമതി നിഷ പി.എം-ഉം നിർവ്വഹിക്കേണ്ടതാണ്.

ഉദ്യോഗക്കയറ്റം/സ്ഥലം മാറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും, ജീവനക്കാരുടെ വിടുതൽ / പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1) ബന്ധപ്പെട്ട ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക്

2) ബന്ധപ്പെട്ട ക്ഷേമസ്ഥാപന സൂപ്രണ്ടുമാർക്ക്

3) സൂപ്രണ്ട്-ഐ.റ്റി. സെൽ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

4) സ്റ്റോക്ക് ഫയൽ/സ്പെയർ

**ഉത്തരവിൻ പ്രകാരം**

Suriah

സൂപ്രണ്ട്